ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

നമ്പർ: 221/2017/ഇ8/ഡിപി

തിരുവനന്തപുരം
തീയതി: 30.05.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിന്നും ഡെപ്യൂട്ടി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകിയും നിലവിലുള്ള ഡെപ്യൂട്ടി സൂപ്രണ്ടുമാർക്ക് സ്ഥലംമാറ്റം/നിയമനം/ചാർജ്ജ് ക്രമീകരണം നടത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ. (സാധാ). നമ്പർ. 821/2019/ഉ.വി.വ. തീയതി. 25.05.2019.
2. കേരള സർക്കാരിന്റെ 27.02.2019-ലെ 504, 505-ാം നമ്പറായിട്ടുള്ള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ് വിജ്ഞാപനങ്ങൾ.
3. കെ.എസ്.ആർ. ഭാഗം. I ചട്ടം 53 (a)
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 01.03.2019, 23.03.2019, 04.04.2019 എന്നീ തീയതികളിലെ 221/2017/ഇ8/ഡിപി നമ്പർ കത്തുകൾ.
5. മണ്ണന്തല ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 14.05.2019-ലെ 1648/2019/ജിപിഎം.ഇ1 നമ്പർ കത്ത്
6. സർക്കാർ മുദ്രനിർമ്മാണശാല ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 17.05.2019-ലെ 778/2019/എസ്.എം.6 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരെ അവരുടെ പേരിനുനേരെ പരാമർശിച്ചിരിക്കുന്ന കാര്യാലയങ്ങളിൽ സ്ഥലംമാറ്റം നൽകി നിയമിച്ചു കൊണ്ടും പരാമർശം (2) ലെ സെലക്ട് ലിസ്റ്റ് വിജ്ഞാപന പ്രകാരമുള്ള അസിസ്റ്റന്റ് സൂപ്രണ്ടുമാരെ 45800-89000 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി കൊണ്ടും ടിയാൾക്കാരുടെ പേരിനുനേരെ കാണിച്ചിരിക്കുന്ന കാര്യാലയങ്ങളിൽ നിയമനം നൽകിയും ഉത്തരവായിരിക്കുന്നു.

തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാല, ഗവൺമെന്റ് പ്രസ്സ്, വാഴൂർ എന്നീ കാര്യാലയങ്ങളിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാർ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നു. നിലവിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചു വരുന്ന ടി കാര്യാലയത്തിലെ കംപോസിംഗ് വിഭാഗം ജൂനിയർ ഫോർമാൻ ശ്രീ.ടി.ജെ.രാജന് സീനിയർ ഫോർമാനായി സ്ഥാനക്കയറ്റം നൽകി സ്ഥലംമാറ്റം ലഭിക്കുന്നുണ്ട്. കൂടാതെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ), അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ്സെറ്റ്) എന്നീ തസ്തികകളിലേയ്ക്കും ചാർജ്ജ് ക്രമീകരണം നടത്തേണ്ടതായിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (5), (6) പ്രകാരം മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാല എന്നീ കാര്യാലയങ്ങളിൽ നിലവിൽ ഒഴിവുള്ള ഡെപ്യൂട്ടി സൂപ്രണ്ട്/. അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികകളിലേയ്ക്ക് ചാർജ്ജ് ക്രമീകരണം നടത്തണമെന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലും പരാമർശം (1)ലെ സർക്കാർ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് നിയമനം നൽകികൊണ്ടും, സ്ഥാനക്കയറ്റം നൽകിയ തസ്തികകളിലേയ്ക്ക് പരാമർശം (3) പ്രകാരം ചാർജ്ജ് ക്രമീകരണം നടത്തിയും, ടിയാൾക്കാരുടെ പേരിനുനേരെ കാണിച്ചിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക/ കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/ പൂർണ്ണ അധിക ചുമതല | നിയമിക്കപ്പെടുന്ന കാര്യാലയം/തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം |
|---|---|---|---|---|
| 1. | ശ്രീ.എ.സലീം, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം. | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ് കോഴിക്കോട് | ശ്രീ.സി.സതീശൻ 31.05.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ |
| 2. | ശ്രീ.റ്റി.വീരാൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം. | ശ്രീ.എ.സലീമിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 3. | ശ്രീ.കെ.ജി.ത്യാഗി, അസിസ്റ്റന്റ് സൂപ്രണ്ട് ഗവ. പ്രസ്സ്, എറണാകുളം | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ്, എറണാകുളം (45800-89000 രൂപ) | ശ്രീമതി.എം.ജി. ഷീലയ്ക്ക് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ |
| 4. | ശ്രീമതി.എ.വീണ, അസിസ്റ്റന്റ് സൂപ്ര[illegible] (റീ-പ്രൊഡക്ഷ[illegible]), ഗവ. പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ) ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം. (45800-89000 രൂപ) | ശ്രീമതി.എം.ജി. ഷീലയ്ക്ക് ഗവ.പ്രസ്സുകളുടെ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 5. | ശ്രീ.ജെയിംസ് ഡേവിഡ്, അസിസ്റ്റന്റ് സൂപ്രണ്ട്(ജനറൽ) ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് ഗവ: പ്രസ്സ്, മണ്ണന്തല തിരുവനന്തപുരം (45800-89000 രൂപ) | ശ്രീ.റ്റി.വീരാന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 6. | ശ്രീ.സുധീർകുമാർ.കെ., ജനറൽ ഫോർമാൻ, സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം. | പൂർണ്ണ അധിക ചുമതല | സർക്കാർ മുദ്രനിർമ്മാണശാലയിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീമതി.കെ.പി.പത്മകുമാരി 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |
| 7. | ശ്രീ.പ്രശാന്ത് കുമാർ.വി.ആർ., സീനിയർ സൂപ്രണ്ട്, ഗവ. പ്രസ്സ്, വാഴൂർ, കോട്ടയം. | പൂർണ്ണ അധിക ചുമതല | വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീമതി.കെ.എം. സഫിയ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |
| 8. | ശ്രീമതി.സി.ആർ.പ്രജിത, ഹെഡ് കംപ്യൂട്ടർ, ഗവ: സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | പൂർണ്ണ അധിക ചുമതല | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ശ്രീ.ജെയിംസ് ഡേവിഡിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |
| 9. | ശ്രീ.അനസ് അലിയാർ, ജനറൽ ഫോർമാൻ, ഗവ. പ്രസ്സ്, എറണാകുളം. | പൂർണ്ണ അധിക ചുമതല | എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ഷിഫ്റ്റ്) ശ്രീ.കെ.ജി.ത്യാഗിയ്ക്ക് സ്ഥാന ക്കയറ്റം നൽകിയ ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |
| 10. | ശ്രീ.മുഹമ്മദ് നജീം.പി.എ., പ്ലേറ്റ് മേക്കിംഗ് സൂപ്പർവൈസർ, ഗവ: പ്രസ്സ് , മണ്ണന്തല, തിരുവനന്തപുരം | പൂർണ്ണ അധിക ചുമതല | തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) ശ്രീമതി. എ. വീണയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |
| 11. | ശ്രീ.ബി.ഗോപകുമാർ, സൂപ്പർവൈസർ (ഓഫ്സെറ്റ്) ഗവ: പ്രസ്സ് , മണ്ണന്തല, തിരുവനന്തപുരം | പൂർണ്ണ അധിക ചുമതല | തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ്സെറ്റ്) ന്റെ നിലവിലെ ഒഴിവിൽ ചാർജ്ജ് ക്രമീകരണം | |

| | | | |
|---|---|---|---|
| 12. | ശ്രീമതി.രശ്മി.ആർ.,<br>ഹെഡ് റീഡർ,<br>ഗവ: പ്രസ്സ് , മണ്ണന്തല,<br>തിരുവനന്തപുരം | പൂർണ്ണ അധിക ചുമതല | തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ന്റെ നിലവിലെ ഒഴിവിൽ ചാർജ്ജ് ക്രമീകരണം |
| 13. | ശ്രീ.കൃഷ്ണകുമാർ.ജെ.യു.,<br>ജനറൽ ഫോർമാൻ,<br>സെൻട്രൽ പ്രിസൺ പ്രസ്സ്,<br>തിരുവനന്തപുരം. | പൂർണ്ണ അധിക ചുമതല | തിരുവനന്തപുരം സെൻട്രൽ പ്രിസൺ പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ടി ന്റെ നിലവിലെ ഒഴിവിൽ ചാർജ്ജ് ക്രമീകരണം |

കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥലംമാറ്റം ലഭിച്ച ശ്രീ.എ.സലീം ടി കാര്യാലയത്തിന്റെ ചുമതല, നിലവിൽ ടി കാര്യാലയത്തിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചു വരുന്ന പ്രിന്റിംഗ് വിഭാഗം സീനിയർ ഫോർമാൻ ശ്രീ.ഒ.എം.മുരളീധരനിൽ നിന്നും സ്വീകരിക്കേണ്ടതും, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി.എ.വീണ നിലവിൽ ടി തസ്തികയുടെ ചുമതല ഇപ്പോൾ ടി തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചു വരുന്ന ഡെപ്യൂട്ടി സൂപ്രണ്ട് (എസ് & എസ്) ശ്രീ.എൻ.നിസ്സാറിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സ്വീകരിക്കേണ്ടതുമാണ്. തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ്സെറ്റ്) ന്റെ പൂർണ്ണ അധിക ചുമതല ലഭിച്ച ശ്രീ.ബി.ഗോപകുമാറും, അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ന്റെ പൂർണ്ണ അധിക ചുമതല ലഭിച്ച ശ്രീമതി.രശ്മി.ആർ. എന്നിവരും പ്രസ്തുത തസ്തികകളിലേയ്ക്ക് ചാർജ്ജ് സ്വയം ഏറ്റെടുക്കേണ്ടതുമാണ്.

പ്രസ്തുത സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/ചാർജ്ജ് ക്രമീകരണം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതും, ചാർജ്ജ് ക്രമീകരണം നൽകേണ്ടതുമാണ്. ടി ഉദ്യോഗസ്ഥർ ചാർജ്ജ് ക്രമീകരണം നടത്തിയതിന്റെ RTC മേൽ നടപടിയ്ക്കായി അച്ചടി വകുപ്പ് ഡയറക്ടർക്ക് അയച്ചു തരേണ്ടതുമാണ്. സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് ചേരുംകാലത്തിനും യാത്രാബത്തയ്ക്കും ഉള്ള അർഹത നിയമനാനുസൃതമായിരിക്കും.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം./കോഴിക്കോട്./ കാക്കനാട്,എറണാകുളം.
പ്രിൻസിപ്പൽ സബ് ട്രഷറി ഓഫീസർ, ഫോർട്ട്, തിരുവനന്തപുരം./
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്./പൊൻകുന്നം, വാഴൂർ.
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം.
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല./ എറണാകുളം./കോട്ടയം, വാഴൂർ./കോഴിക്കോട്.
അസിസ്റ്റന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര, തിരുവനന്തപുരം

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ അക്കൗണ്ട്സ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./
ഓഫീസ് മാനേജർ./ ജൂനിയർ സൂപ്രണ്ട്.ഇII./ എI./എII./ജിസിപി./ഹെഡ് ക്ലാർക്ക്.ഇ3./
ജിസിപി.ഇ1 സീറ്റ്./ഇ7 സീറ്റ്./എ5 സീറ്റ്./ഐ.റ്റി. വിഭാഗം./ഫയൽ./സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.